ഉത്തരം

ശ്രീ. കുഞ്ഞിരാമക്കുറുപ്പിന്റെ സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അപേക്ഷ, കോഴിക്കോട് ജില്ലാ കളക്ടർ നല്കിയിട്ടുള്ള റിപ്പോർട്ടിന്റേയും നിലവിലുള്ള കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ നിയമപ്രകാരവും പരിശോധിച്ചു വരുന്നു. ടി.അപേക്ഷയിൻമേൽ അന്തിമതീരുമാനം ആയിട്ടില്ല.

സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

29 (29) ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനുവേണ്ടി സർക്കാരിന് ലഭിക്കുന്ന അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളാൻ കാലതാമസം അനുഭവപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലയിൽ നിന്നും ശ്രീ.കെ.ആർ.ചന്ദ്രൻപിള്ള, ചന്ദ്രവിലാസം, പുത്തൻകുളം പി.ഒ, ഉൾപ്പെടെയുള്ളവരുടെ അപേക്ഷയിൻമേൽ 51065/എഫ്എഫ്പി-ബി3/99/ജിഎഡി. തീയതി 16-7-1999 പ്രകാരം തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ പ്രസ്തുത തീരുമാനമറിയിക്കുന്നതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ചട്ടപ്രകാരം സ്വീകാര്യമായ രേഖകളോടൊപ്പം സ്വാതന്ത്ര്യസമര സേനാനി പെൻഷനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ, ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് മേൽ നടപടികൾ കാലതാമസം ഇല്ലാതെ സ്വീകരിക്കുന്നുണ്ട്.

(ബി&സി) സ്വാതന്ത്ര്യസമര സേനാനി പെൻഷനുവേണ്ടി ലഭിക്കുന്ന അപേക്ഷകൾ ഓരോന്നും അവയോടൊപ്പം ലഭിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പ്രത്യേകം പരിശോധിച്ചാണ് തീരുമാനമെടുക്കുന്നത്. ശ്രീ.കെ.ആർ.ചന്ദ്രൻപിള്ളയുടെ അപേക്ഷയും പ്രത്യേകം പരിശോധിക്കുകയും അതിന്റെ തീരുമാനം 6351/എഫ്എഫ്പി-ബി3/98/ജിഎഡി.എന്ന കത്തിലൂടെ 24-2-1998 ൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പും ഇതോടൊപ്പം വയ്ക്കുന്നു.* (51065/എഫ്.എഫ്.പി-ബി3/99/ജിഎഡി. തീയതി 16-7-1999 പ്രകാരമല്ലാ തീരുമാനമെടുത്തിട്ടുള്ളത്).

മരണപ്പെട്ട പത്ര പ്രവർത്തകരുടെ ആശ്രിതർക്കുള്ള പെൻഷൻ

30 (30) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചീട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly